14-ാം കേരള നിയമ സഭ

4-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 171 07.03.2017-ൽ മറുപടിയ്ക്ക്

## നാഷണൽ മെഡിക്കൽ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ജി. എസ്. ജയലാൽ :<br>ശ്രീ.വി. ആർ. സുനിൽകുമാർ : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യം സംസ്ഥാന വിഷയമായിരിക്കേ, ആരോഗ്യ മേഖലയെ വരുതിയിൽ കൊണ്ടുവരുന്നതിനായി കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് (എം.സി.ഐ.) പകരം നാഷണൽ മെഡിക്കൽ കമ്മീഷനെ കൊണ്ടുവരുന്നതിനും അതിന്റെ ഘടനയിൽ കേന്ദ്ര സർക്കാരിന്റെ നോമിനികളെ കൂടുതലായി ഉൾപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളെ എങ്ങനെയാണ് വീക്ഷിക്കുന്നത്;<br><br>(സി) സംസ്ഥാന മെഡിക്കൽ കൗൺസിലുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ ദേശീയ കമ്മിറ്റികളിൽ ഇനിയുണ്ടാകില്ല എന്ന സമീപനത്തിനെതിരെ കേന്ദ്രത്തെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ? | (എ), (ബി) & (സി) 08.09.2016 ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരണത്തെ സംബന്ധിച്ച ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. ജനാധിപത്യ സംവിധാനം അട്ടിമറിച്ചുകൊണ്ട് നാമകരണം ചെയ്യപ്പെട്ട പ്രതിനിധികളെ വച്ച് നാഷണൽ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കുന്നതിലുള്ള അപാകത സംസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ